പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 154

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 154

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

2147/2012.

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് ഇതിന് ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 മേയ് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ (2007-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (vii)-ാം ഖണ്ഡത്തിൽ, "ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ" എന്ന വാക്കുകൾക്കുപകരം "ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക ദുരന്ത ബാധിത പ്രദേശത്തെ സംബന്ധിച്ച്, സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും തീയതിക്കോ അതിന് മുമ്പോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2012-ലെ 40) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1) 2-ാം വകുപ്പ് (vii)-ാം ഖണ്ഡപ്രകാരം പ്രസ്തുത ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനു മുൻപോ കർഷകനിൽ നിന്നും കിട്ടേണ്ടതായിട്ടുള്ള ബാദ്ധ്യതകൾ മാത്രമേ 'കടം' എന്ന വാക്കിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 2007 ജനുവരി 18-ാം തീയതിയാണ് പ്രസ്തുത ആക്റ്റ് നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത തീയതിക്ക് ശേഷം ഉണ്ടായിട്ടുള്ള ബാദ്ധ്യതകൾ ഈ ആക്റ്റിന്റെ പരിധിയിൽ വരുന്നില്ല. സംസ്ഥാനത്ത് വയനാട് ജില്ലയിലെ ചില കർഷകർ കടക്കെണിമൂലം ആത്മഹത്യ ചെയ്യുകയുണ്ടായി. ഈ അവസ്ഥ കർഷകർക്കിടയിലും കാർഷികരംഗത്തും ദൂരവ്യാപകമായ പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുമെന്ന് സർക്കാർ കരുതുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ജില്ല യിൽ 2011 ഒക്ടോബർ 31 വരെയുള്ള മുഴുവൻ കാർഷിക കടങ്ങളുംകൂടി പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു. ആയതിനാൽ, കർഷകർക്ക് ഇപ്പോൾ അവർ അഭിമുഖീകരിക്കുന്ന കടക്കെണിയിൽനിന്നും ആശ്വാസം നൽകാനുതകുന്നവിധം പ്രസ്തുത ആക്റ്റിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്നും ഏതെങ്കിലും പ്രത്യേക ദുരന്തബാധിത പ്രദേശത്തെ സംബന്ധിച്ച് ഒരു നിശ്ചിത തീയതിവരെയുള്ള കടബാദ്ധ്യതകൾ ഗസറ്റ് വിജ്ഞാപനംവഴി പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കി അത്തരം പ്രദേശത്തിനുവേണ്ടി സത്വരനടപടികൾ എടുക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ട താണെന്നും സർക്കാർ കരുതുന്നു. ഈ ആവശ്യത്തിലേക്കായി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

2. ഈ വിഷയം സംബന്ധിച്ച് സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ പതിമൂന്നാം കേരള നിയമസഭ ബിൽ നമ്പർ 72 ആയി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും, ആയത് നിയമസഭയിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ സാധിച്ചില്ല.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽ തീരുമാനം അടിയന്തിരമായി നടപ്പാക്കേണ്ട സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്നതി നാലും 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് 2012 മേയ് 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 39-ാം നമ്പർ ഓർഡിനൻസായി 2012 മേയ് 26-ാം തീയതിയിലെ 1078-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2012-ലെ 39-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 126-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് 2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളന ത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല.

5. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡമനുസരിച്ച് പ്രസ്തുത ഓർഡിനൻസിന് 2012 ജൂലൈ 23-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നു.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ വീണ്ടും നിലനിർത്തുന്നതിനും പ്രസ്തുത ഓർഡിനൻസ് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷം എടുത്ത നടപടികൾ സാധൂകരിക്കുന്നതിനുംവേണ്ടി 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് 2012 ആഗസ്റ്റ് 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 40-ാം നമ്പർ ഓർഡിനൻസായി 2012 ആഗസ്റ്റ് 13-ാം തീയതിയിലെ 1695-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. 2012-ലെ 40-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

വ്യത്യസ്ത ദുരന്തബാധിത പ്രദേശത്തെ സംബന്ധിച്ച് വ്യത്യസ്ത തീയതികൾ വരെയുള്ള കാർഷിക കടബാധ്യതകൾ വിജ്ഞാപനംവഴി ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരാൻ ബില്ലിലെ 2-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, ബില്ലിനോട് ചേർത്തിട്ടുള്ള ഉദ്ദേശ്യകാരണങ്ങളുടെ വിവരണപ്രകാരം ഇപ്പോൾ വയനാട് ജില്ലയിലെ കടബാദ്ധ്യതകൾക്കുമാത്രം ആക്റ്റിന്റെ ആനുകൂല്യം നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് കാണാവുന്നതാണ്. കർഷക കടാശ്വാസ കമ്മീഷന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത്, കഴിഞ്ഞ മൂന്നു വർഷങ്ങളിൽ തൊണ്ണൂറു കോടി രൂപ കർഷകർക്ക് ആശ്വാസമായി നൽകിയിട്ടുള്ളതാണ് എന്നും വയനാട് ജില്ലയിൽ മാത്രമായി കർഷകരുടെ കടത്തിന്മേൽ ചുമത്തിയിട്ടുള്ള പലിശ ഏകദേശം 80 കോടി രൂപ വരുമെന്നും കാണുന്നു. ആയതിനാൽ, 2011 ഒക്ടോബർ 31 വരെ പ്രസ്തുത ആനുകൂല്യം പ്രസ്തുത ജില്ലയ്ക്കുമാത്രമായി ദീർഘിപ്പിക്കുന്നതിന് സർക്കാരിനുള്ള അധിക ബാദ്ധ്യത ഏകദേശം 50 കോടി രൂപ ആയിരിക്കുന്നതാണ്. ആയതിനാൽ, ഈ ബിൽ നിയമമാക്കുകയും വയനാട് ജില്ലയ്ക്കുമാത്രമായി നടപ്പിലാക്കുന്ന രീതിയിൽ വിജ്ഞാപനം ചെയ്യുകയും ചെയ്താൽ അനാവർത്തകസ്വഭാവമുള്ള ഉദ്ദേശം 50 കോടി രൂപ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1) 'കടം' എന്ന വാക്കിൽ ഉൾപ്പെടുന്ന ബാധ്യത സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക ദുരന്തബാധിത പ്രദേശത്തെ സംബന്ധിച്ച് ഏതു തീയതിക്ക് മുൻപുവരെ ഉള്ളതായിരിക്കും എന്നത് വിജ്ഞാപനം മുഖേന നിശ്ചയിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നതിനായി പ്രസ്തുത ആക്റ്റിലെ 2-ാം വകുപ്പ് (vii)-ാം ഖണ്ഡം ഭേദഗതി ചെയ്യുന്നതിന് ബില്ലിലെ 2-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. ഏതു കാര്യത്തെ സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത് അത് നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയവയും ആകുന്നു. മാത്രമല്ല, അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

അടൂർ പ്രകാശ്.

# 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിൽ (2007-ലെ 1) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) ** ** **

(ii) ** ** **

(iii) ** ** **

(iv) ** ** **

(v) ** ** **

(vi) ** ** **

(vii) "കടം" എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ ഒരു കരാറിൻകീഴിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിന്റേയോ ഡിക്രിയുടെയോ അല്ലെങ്കിൽ ഉത്തരവിന്റേയോ കീഴിലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ജാമ്യമുള്ളതോ ജാമ്യമില്ലാത്തതോ ആയതും ഒരു കർഷകനിൽ നിന്നും കിട്ടേണ്ടതായിട്ടുള്ള ഏതെങ്കിലും ബാധ്യത എന്നർത്ഥമാകുന്നതും അതിൽ,—

(എ),—

(i) ഒരു ഉത്തമർണ്ണ സ്ഥാപനത്തിനോ;

(ii) ഒരു സഹകരണ സംഘത്തിനോ;

കൊടുക്കേണ്ടതായ ഏതൊരു തുകയും;

(ബി) ഒരു കർഷകൻ ഉത്തമർണ്ണനിൽ നിന്നും വാങ്ങിയ ഏതൊരു തുകയും, ഉൾപ്പെടുന്നതും എന്നാൽ കർഷകൻ തന്റെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെ വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോവേണ്ടി എടുത്തിട്ടുള്ള ഏതെങ്കിലും വായ്പാ തുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കോ മറ്റ് സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്രഭരണ പ്രദേശങ്ങളിലെ സർക്കാരുകൾക്കോ നൽകേണ്ട തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന മറ്റു സ്ഥാപനങ്ങൾക്കും കിട്ടേണ്ടതായ തുകയും ഉൾപ്പെടാത്തതും ആകുന്നു.

(viii) ** ** **